# പരമഗുരു ചിങ് ഹായ് ഒരു ലഘുജീവചരിത്രം.

ഓലകിലെ വളരെയധികം അറിയപ്പെടുന്ന ഒരു ന്യൂറോസർജന്റെ മകളായി നല്ല സാമ്പത്തികശേഷിയുള്ള ഒരു കുടുംബത്തിലാണ് പരമഗുരു ചിങ് ഹായ് ജനിച്ചത്. ശൈശവത്തിൽ കത്തോലിക്ക മതവിശ്വാസപ്രകാരമായാണു വളർത്തിയതെങ്കിലും തന്റെ മുത്തശ്ശിയിൽ നിന്നും ഗുരു ബുദ്ധമതത്തിന്റെ അടിസ്ഥാന തത്വങ്ങൾ അഭ്യസിച്ചു. ഒരു കൊച്ചു കുട്ടിയായിരിക്കുമ്പോൾ തന്നെ ഗുരു ബോധപൂർവ്വമല്ലാത്ത ഒരു താൽപ്പര്യം തത്ത്വചിന്തയോടും മതപരമായ പ്രബോധനങ്ങളോടും കാണിച്ചിരുന്നു. അതു പോലെ തന്നെ എല്ലാ ജീവജാലങ്ങളോടും സമസ്തസ്രഷ്ടികളോടും അനിതരസാധാരണമായ സഹജാവമനോഭാവവും പുലർത്തിയിരുന്നു.

പതിനെട്ടാമത്തെ വയസ്സിൽ പരമഗുരു ചിങ് ഹായ് ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേക്കും പിന്നീട് അവിടെ നിന്നും ഫ്രാൻസ്, ജർമനി എന്നീ രാജ്യങ്ങളിലേക്കു പോകുകയും ആ രാജ്യങ്ങളിലെ റെഡ് ക്രോസ്സ് സംഘടനകളിൽ സേവനം അനുഷ്ടിക്കുകയും തുടർന്ന് ഒരു ജർമ്മൻ ശാസ്ത്രജ്ഞനെ വിവാഹം കഴിക്കുകയും ചെയ്തു. രണ്ടു വർഷത്തെ സന്തോഷകരമായ വിവാഹജീവിതത്തിനു ശേഷം, ഭർത്താവിന്റെ അനുവാദത്തോടെ വിവാഹമോചനം നടത്തി തന്റെ ബാല്യകാലമോഹവും ആദർശവും നിറവേറ്റുന്നതിനായി ആത്മബോധ സാക്ഷാത്കാരം തേടിയുള്ള യാത്ര ആരംഭിച്ചു. ഈ സമയത്ത് അവർ തനിക്കു കണ്ടെത്താനായ ഗുരുക്കന്മാരുടെ കീഴിൽ വ്യത്യസ്ത ധ്യാനരീതികളും ആത്മീയമാർഗ്ഗങ്ങളും അഭ്യസിച്ചു. യാതനകളനുഭവിക്കുന്ന മാനവരാശിയെ സഹായിക്കുന്നതിനായി ഒരാൾ പ്രയത്നിക്കുന്നതിന്റെ ഫലശൂന്യത

തിരിച്ചറിഞ്ഞ ഗുരു മറ്റുള്ളവരെ സഹായിക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം പൂർണ്ണമായും സ്വയം തിരിച്ചറിയുകയാണെന്നും മനസ്സിലാക്കി, ഇതു മാത്രം തന്റെ ഏകലക്ഷ്യമായി സ്വീകരിച്ച് അവർ ആത്മസാക്ഷാത്കാരത്തിനുള്ള സമ്പൂർണ്ണമാർഗ്ഗം തേടി നിരവധി രാജ്യങ്ങളിൽ സഞ്ചരിച്ചു.

നിരവധി വർഷങ്ങൾ നീണ്ടു നിന്ന പരിശോധനകൾക്കും, പരീക്ഷണങ്ങൾക്കും, ക്ലേശങ്ങൾക്കും ശേഷം ഹിമാലയസാനുക്കളിൽ വെച്ച് ഗുരു ചിങ് ഹായ് അവസാനം ക്വാൻ യാൻ രീതിയും ദൈവികമായ രൂപാന്തരവും കണ്ടെത്തി. ഹിമാലയസാനുക്കളിലെ തന്റെ ഏകാന്തവാസത്തിനിടയിൽ നിരന്തരമായ തീവ്ര പരിശീലനത്തിനു ശേഷം ഗുരു പൂർണ്ണമായ ആത്മസാക്ഷാത്കാരം പ്രാപിച്ചു.

ആത്മസാക്ഷാത്കാരം നേടിയതിനു ശേഷമുള്ള വർഷങ്ങളിൽ പരമഗുരു ചിങ് ഹായ് ഒരു ബുദ്ധസന്യാസിനിയുടെ ശാന്തവും ലളിതവുമായ ജീവിതം നയിച്ചു. സഹജമായി തന്നെ ലജ്ജാലുവായ ഗുരു ആളുകൾ തന്റെ നിർദേശങ്ങളും ശിഷ്യത്വവും തേടിയെത്തുന്നതു വരെ ആ നിധി ഒളിപ്പിച്ചു വെച്ചു. ഫോർമോസയിലും അമേരിക്കയിലുമുള്ള തന്റെ ആദ്യകാല അനുയായികളുടെ നിരന്തരമായ അപേക്ഷകൾക്കും പരിശ്രമങ്ങൾക്കും ശേഷം പരമഗുരു ചിങ് ഹായ് ലോകമെങ്ങുമുള്ള തന്റെ പ്രഭാഷണപരമ്പരകൾ ആരംഭിക്കുകയും പതിനായിരക്കണക്കിനു ആത്മാർത്ഥതയുള്ള സത്യാന്വേഷികൾക്കു വഴിതെളിക്കുകയും ചെയ്തു.

ഇന്ന് വ്യത്യസ്ത രാജ്യങ്ങളിൽ പെടുന്ന വിവിധ ജാതിമതസ്ഥരായ കൂടുതൽ കൂടുതൽ ആത്മീയാന്വേഷകർ ഗുരുവിന്റെ ഉന്നതമായ ജ്ഞാനം കാംക്ഷിച്ച് അവരിലേക്കോടിയെത്തുന്നു. ഏറ്റവും ഔന്നത്യം നിറഞ്ഞതെന്ന് ഗുരു സ്വയം വിലയിരുത്തിയ തൽക്ഷണമുള്ള ആത്മബോധത്തിന്റെ രീതി, ക്വാൻ യിൻ രീതി പഠിക്കണമെന്നും പരിശീലിക്കണമെന്നും ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് തുടക്കം നൽകുന്നതിനും തുടർന്നുള്ള ആത്മീയ മാർഗ്ഗ നിർദേശങ്ങൾ നൽകാനും പരമഗുരു ചിങ് ഹായ് സദാസന്നദ്ധയാണ്.